"ഭരണഭാഷ - മാതൃഭാഷ"

അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/110/15

ചാക്ക, തിരുവനന്തപുരം-7
തീയതി: 03.07.2014

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ഫെബ്രുവരി 2014 എ.ഐ.ടി.ടി, ജൂലൈ 2014 എ.ഐ.ടി.ടി എന്നിവ ഒന്ന് രണ്ട് സെമസ്റ്ററിൽ എഴുതിയ ട്രെയിനികളുടെ മാർക്ക് ഷീറ്റുകളിലെ അപാകത- തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നലകുന്നത്- സംബന്ധിച്ച്.

സൂചന:- ഇതേ നമ്പരായുള്ള 11.05.2015 ലെ ചുറ്ററിയിപ്പ്

****************

2014 ഫെബ്രുവരി മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ, 2014 ജൂലായ് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ, രണ്ടാം സെമസ്റ്റർ എന്നീ പരീക്ഷയിൽ പങ്കെടുത്ത ട്രെയിനികളുടെ മാർക്ക്ഷീറ്റുകൾ പ്രിന്റ് എടുക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അതാത് സ്ഥാപനങ്ങൾ സമർപ്പിച്ച അഡ്മിഷൻ ക്ലോസിംഗ് സി.ഡിയിലെ വിവരങ്ങൾ അതേപടിയാണ് ട്രെയിനികളുടെ വിവരങ്ങളായി മാർക്ക്ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഡ്മിഷൻ ക്ലോസിംഗ് സി.ഡിയിലെ അപാകത, ഫോർമാറ്റിലെ അപാകത എന്നിവമൂലം ട്രെയിനികളുടെ വിവരങ്ങൾ മാർക്ക്ഷീറ്റിൽ അപാകതയുള്ളതായി വിവിധ സ്ഥാപനങ്ങൾ അറിയിച്ചിരുന്നു. ഇത്തരത്തിൽ ട്രെയിനികളുടെ പേര്, പിതാവിന്റെ പേര്, ജനനതീയതി എന്നിവ മാർക്ക്ഷീറ്റിൽ അപാകതയുണ്ടെങ്കിൽ ടി മാർക്ക്ഷീറ്റ് ട്രെയിനികൾക്ക് വിതരണം നടത്താൻ പാടുള്ളതല്ല. അപാകതയുള്ള മാർക്ക്ഷീറ്റ് ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മേൽ നടപടികൾക്കായി ഈ കാര്യാലയത്തിൽ പ്രത്യേക ദൂതൻ മുഖാന്തിരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./സ്വകാര്യ/എസ്.സി.ഡി.ഡി/
എസ്.ടി.ഡി.ഡി സ്ഥാപനമേധാവികൾക്കും

പകർപ്പ്;- വകുപ്പ് വെബ്സൈറ്റിലേക്ക്

എ 25.5.15